"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) തസ്തികയിലെ ചുമതല ക്രമീകരണം - ശ്രീമതി. ശ്രീശുഭ.എസ്-ന് അധികച്ചുമതലാ ബത്ത അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1023/2026/LSGD തിരുവനന്തപുരം, തീയതി:16-05-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.247/2026/തസ്വഭവ തീയതി: 31.01.2026
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 29.10.2025-ലെ LSGD/PD/16065/2025-DEH4 നം.കത്ത്

**ഉത്തരവ്**

നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിലെ സ്ഥാനക്കയറ്റത്തെത്തുടർന്ന് 18.07.2022 AN മുതൽ 19.12.2022 വരെ ഒഴിവു വന്ന അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) തസ്തികയുടെ പൂർണ അധികചുമതല അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി എ) ആയിരുന്ന ശ്രീമതി. ശ്രീശുഭ.എസ്-നു നൽകിക്കൊണ്ടുള്ള ഗ്രാമവികസന കമ്മീഷണറുടെ നടപടിക്ക് പരാമർശം (1) പ്രകാരം സാധൂകരണം നല്കിയിരുന്നു. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) തസ്തികയുടെ അധികച്ചുമതല വഹിച്ച കാലയളവിലേക്ക് ശ്രീമതി.ശ്രീശുഭ.എസ്-ന് അധികച്ചുമതലാ ബത്ത അനുവദിക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി എ) ആയിരുന്ന ശ്രീമതി. ശ്രീശുഭ.എസ്, **18.07.2022 AN** മുതൽ **19.12.2022** വരെയുള്ള കാലയളവിൽ തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) തസ്തികയുടെ പൂർണ്ണ അധികച്ചുമതല നിർവഹിച്ചതിന്, കെ എസ് ആർ ഭാഗം **I**, ചട്ടങ്ങൾ **53 (b) (2) [ as amended vide GO(P) No.88/2017 Fin dtd: 11.07.2017, 53 A II (b) (3), 53 (c)** എന്നിവ പ്രകാരം, അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ **4%** എന്ന നിരക്കിൽ, **19.07.2022** മുതൽ പരമാവധി മൂന്നു മാസക്കാലയളവിലേക്ക് പരിമിതപ്പെടുത്തി ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീമതി.ശ്രീശുഭ.എസ്, മുൻ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ , തിരുവനന്തപുരം
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Suja. M
Date: 18-05-2026 11:23:57

സെക്ഷൻ ഓഫീസർ